# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷിക സർവ്വകലാശാല

മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679-306 (പിൻ), കേരളം

Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228


നമ്പർ: ഡി2/99/2025 തിയ്യതി : 25/02/2025

## പുന: ലേലം/ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിലെ ഗ്രാഫ്റ്റ് മാവുകളിൽ (249 എണ്ണം) നിന്നും 31/07/2025 വരെ വിളവെടുപ്പിനുള്ള അവകാശം വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പുന: ലേലം/ക്വട്ടേഷൻ നടപടിയിലൂടെ ഉറപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. താൽപര്യമുള്ളവർക്ക് വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച് ലേലം/ക്വട്ടേഷൻ നടപടിയിൽ പങ്കെടുക്കാവുന്നതാണ്.

### വ്യവസ്ഥകളും നിബന്ധനകളും

1. ലേലത്തിനായി പേര് രജിസ്റ്റർ ചെയ്യുന്നതിനും ക്വട്ടേഷൻ സമർപ്പിക്കുന്നതിനുമുള്ള അവസാന സമയം 03/03/2025 ന് രാവിലെ 11.20 മണിയാണ്.
2. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന വ്യക്തി/സ്ഥാപനം, 2000/- രൂപ നിരതദ്രവ്യം, 03/03/2025 ന് രാവിലെ 11.20 മണിക്ക് മുമ്പായി ഓഫീസിൽ പണമായി അടക്കുകയോ, അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ പേരിൽ എസ്.ബി.ഐ, പട്ടാമ്പി ശാഖയിൽ മാറാവുന്ന ഡിഡി യായി സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്.
3. 03/03/2025 ന് രാവിലെ 11.30 ന് പരസ്യലേലം നടക്കുന്നതാണ്. പരസ്യലേലത്തിനു ശേഷം ഉത്പന്നത്തിന് ക്വട്ടേഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് തുറക്കുന്നതായിരിക്കും.
4. വെള്ളക്കടലാസിൽ പൂർണ്ണ മേൽവിലാസമെഴുതി ഒപ്പിട്ട് വേണം ക്വട്ടേഷൻ തയ്യാറാക്കാൻ. ഉത്പന്നത്തിന് നൽകാൻ തയ്യാറുള്ള ഏറ്റവും കൂടിയ തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ കവറിൽ അടക്കം ചെയ്ത് ഒട്ടിച്ച ശേഷം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി എന്ന മേൽവിലാസത്തിലാണ് സമർപ്പിക്കേണ്ടത്. കവറിനു പുറത്ത് " ഗ്രാഫ്റ്റ് മാങ്ങയുടെ വിളവെടുപ്പിനുള്ള ക്വട്ടേഷൻ " എന്ന് രേഖപ്പെടുത്തണം.
5. പരസ്യ ലേലത്തിലും ക്വട്ടേഷനിലും വാഗ്ദാനം ചെയ്ത തുകകൾ താരതമ്യം ചെയ്ത് ലഭിക്കുന്ന കൂടിയ തുക നിലവിലുള്ള കമ്പോള നിരക്കുമായി താരതമ്യം ചെയ്ത് ന്യായമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത തുകക്ക് ലേലം ഉറപ്പിക്കുന്നതായിരിക്കും.
6. ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടാത്തവരുടെ നിരതദ്രവ്യം ലേലം/ക്വട്ടേഷൻ നടപടിക്രമങ്ങൾക്കു ശേഷം തിരികെ നൽകുന്നതാണ്. ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയവരുടെ നിരതദ്രവ്യം സുരക്ഷിത നിക്ഷേപമായി മാറ്റുന്നതും വിളവെടുപ്പ് കാലാവധി കഴിഞ്ഞ ശേഷം രശീതി ഹാജരാക്കുന്ന മുറക്ക് സർവ്വകലാശാല വസ്തുവകകൾക്ക് ലേലക്കാർ നാശനഷ്ടങ്ങൾ വരുത്തിയിട്ടില്ല എന്ന ഫാം സൂപ്രണ്ടിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നതുമാണ്.

7. ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയവർ ലേലതുകയുടെ 1/3 ഭാഗം ലേലദിവസം വൈകുന്നേരം 3.30 ന് മുൻപ് അടക്കേണ്ടതാണ്. ബാക്കി 2/3 ഭാഗം 5 പ്രവൃത്തി ദിവസത്തിനകം അടച്ച് ഫാം സൂപ്രണ്ട് മുമ്പാകെ രശീതി ഹാജരാക്കുന്ന മുറക്ക് മാത്രമേ വിളവെടുപ്പ് ആരംഭിക്കാനുള്ള അനുമതി ലഭിക്കുകയുള്ളൂ. ലേലത്തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം റദ്ദ് ചെയ്യുന്നതും സുരക്ഷിത നിക്ഷേപം അടക്കം അന്നേദിവസം ലേലക്കാരൻ സർവ്വകലാശാലയിലടച്ച മുഴുവൻ തുകയും സർവ്വകലാശാലക്ക് മുതൽ കൂട്ടുന്നതുമാണ്.
8. ഫാം സൂപ്രണ്ടിനെ മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങിയ ശേഷം മാത്രമേ ഉത്പന്നങ്ങൾ വിളവെടുത്ത് ഫാമിന് പുറത്തേക്ക് കൊണ്ടുപോകാവൂ. വിളവെടുപ്പുമായി ബന്ധപ്പെട്ട് സർവ്വകലാശായ വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുന്ന പക്ഷം ലേലക്കാരൻ ആയതിന് നേരിട്ട് ഉത്തരവാദിയായിരിക്കും.
9. ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയവർ ലേലത്തുകയുടെ 1/3 ഭാഗം ലേല ദിവസം അടക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേലക്കാരനിൽ നിന്നും ഈടാക്കുന്നതിനായ് നിയമനടപടികൾ സ്വീകരിക്കുന്നതാണ്.
10. ക്വട്ടേഷൻ സംബന്ധിച്ച അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ തീരുമാനം അന്തിമമായിരിക്കും. കാരണം അറിയിക്കാതെ ലേലം/ക്വട്ടേഷൻ നടപടികൾ നിർത്തിവെയ്ക്കുന്നതിനോ, റദ്ദ ചെയ്യുന്നതിനോ അസോസിയേറ്റ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.
11. സർക്കാർ ലേലം/ക്വട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും ഈ ലേലം/ക്വട്ടേഷൻ നടപടിയിലും ബാധകമായിരിക്കും.

ഒപ്പ്/-
**ഡോ. പി. രാജി**
അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താക്കൾ: നോട്ടീസ് ബോർഡ് – ഓഫീസ്/ഫാം/കാന്റീൻ/മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/
കൃഷി ഭവൻ, പട്ടാമ്പി/കെ.എ.യു വെബ്സൈറ്റ്.
പകർപ്പ് : ഡോ. പി. പി. മൂസ്സ, പ്രൊഫസർ (ഫാം ഇൻചാർജ്ജ്)/
ശ്രീ. പി. കെ. ശ്യാം പ്രകാശ്, ഫാം സൂപ്രണ്ട്.

//ഉത്തരവിൻ പ്രകാരം അയക്കുന്നത്//

സെക്ഷൻ ഓഫീസർ